PAN/8589/2022-E3(DP)

**പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം**
**സ്വരാജ് ഭവൻ,നന്തൻകോട്**
**കവടിയാർ പി.ഒ. തിരുവനന്തപുരം - 695003**
directorofpanchayat@gmail.com
**0471-2323286 തീയതി : 05/09/2022**

## നോട്ടീസ്

വിഷയം: പഞ്ചായത്ത് വകുപ്പ് -ജീവനക്കാര്യം -അക്കൗണ്ടന്റ്/ഹെഡ്ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി പുനഃക്രമീകരിക്കുന്നത് - സംബന്ധിച്ച്

സൂചന:
1. ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 27/06/2022 ലെ ഇ 3-5353/2009 നം കത്ത്
2. പഞ്ചായത്ത് ഡയറക്ടറുടെ 04/01/2020 തീയതിയിലെ PAN/14/2019-E13(DP)(3)നമ്പർ ഉത്തരവ്.
3. പഞ്ചായത്ത് ഡയറക്ടറുടെ 27/04/2021 തീയതിയിലെ PAN/5546/2021-E13(DP)നമ്പർ ഉത്തരവ്.
4. പഞ്ചായത്ത് ഡയറക്ടറുടെ 04/01/2020 തീയതിയിലെ PAN/14/2019-E13(DP)(3) നമ്പർ ഉത്തരവ്.
5. പഞ്ചായത്ത് ഡയറക്ടറുടെ 07/06/2022 തീയതിയിലെ PAN/253/2021-E3(DP)(3)നമ്പർ ഉത്തരവ് (അന്തിമ സീനിയോരിറ്റി ലിസ്റ്റ്)

ആലപ്പുഴ ജില്ലയിലെ ചെട്ടിക്കുളങ്ങര ഗ്രാമ പഞ്ചായത്തിൽ അക്കൗണ്ടന്റ് തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീ . അമർകൃഷ്ണൻ യു എന്നവരെ അക്കൗണ്ടന്റ് /ഹെഡ്ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി പട്ടികയിൽ അർഹമായ സ്ഥാനം നിർണ്ണയിച്ച് നൽകുന്നതിനാണ് സൂചന (1) പ്രകാരം അപേക്ഷ നൽകിയിട്ടുള്ളത്

ശ്രീ.അമർ കൃഷ്ണൻ യു പഞ്ചായത്ത് അസ്സിസ്റ്റന്റ് ഡയറക്ടർ, കൊല്ലം ഓഫീസിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്തു വരവേ, സ.ഉ (സാധാ) നം 286/2018/തസ്വഭവ, തീയതി 31/01/2018 പ്രകാരം KS&SSR Part II ചട്ടം 8(b)യുടെ അടിസ്ഥാനത്തിലും, ധനകാര്യ വകുപ്പിന്റെ 30/12/2002 തീയതിയിലെ 72/2002/ധന നം സർക്കുലറിന്റെ അടിസ്ഥാനത്തിലും പ്രൊമോഷനെയോ സീനിയോരിറ്റിയെയോ ബാധിക്കാത്ത രീതിയിൽ പഠനാവശ്യത്തിനായി ശൂന്യവേതനാവധിയിൽ പ്രവേശിച്ചിരുന്നു. എന്നാൽ പഞ്ചായത്ത് ഡയറക്ടറുടെ 23/05/2018 തീയതിയിലെ ഇ 5-38675/2017 ഉത്തരവ് പ്രകാരമുള്ള സീനിയർ ക്ലാർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ 1147 -ാം നമ്പറായി ഉൾപ്പെട്ടിട്ടുള്ള ടിയാൾക്ക് ലീവ് ബാധകമാക്കാതെ പ്രൊമോഷൻ അനുവദിക്കേണ്ട യഥാർത്ഥ കാലയളവിൽ അക്കൗണ്ടന്റ് തസ്തികയിൽ പ്രൊമോഷൻ അനുവദിച്ചിരുന്നില്ല. തുടർന്ന് സർക്കാരിന്റെ 01/02/2021 തീയതിയിലെ 52/ഇപിഎ 1/20/തസ്വഭവ നം കത്ത് പ്രകാരം പ്രൊമോഷൻ അനുവദിക്കുന്നതിന് അനുമതി നൽകുകയും സൂചന(3) ഉത്തരവ് പ്രകാരം ശ്രീ. അമർ കൃഷ്ണയ്ക്ക് അക്കൗണ്ടന്റ് തസ്തികയിലെക്ക് പ്രൊമോഷൻ അനുവദിക്കുകയും ചെയ്തിരുന്നു.

എന്നാൽ ശ്രീ. അമർ കൃഷ്ണയുടെ ജൂനിയറായ ശ്രീമതി സജിത എം (ഫീഡർ കാറ്റഗറി നം 1148) എന്നവർക്ക് ടിയാൾക്ക് പഞ്ചായത്ത് ഡയറക്ടറുടെ 04/01/2020 തീയതിയിലെ സൂചന (4) ഉത്തരവ് പ്രകാരം ടിയാൾക്ക് മുൻപേ അക്കൗണ്ടന്റ് തസ്തികയിലെ പ്രൊമോഷൻ അനുവദിക്കുകയും, പഞ്ചായത്ത് ഡയറക്ടറുടെ 07/06/2021 തീയതിയിലെ PAN/253/2021-E3(DP) പ്രകാരമുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ശ്രീമതി സജിത 248-ാം നമ്പറായി ഉൾപ്പെട്ടിട്ടുമുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ.അമർ കൃഷ്ണയുടെ പ്രൊമോഷൻ തീയതി 04/01/2020

തീയതിയായി പുനർ നിർണ്ണയിച്ച് സൂചന (5) പ്രകാരം പ്രസിദ്ധീകരിച്ച അക്കൌണ്ടന്റ്/ഹെഡ്ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി പട്ടികയിൽ 247-ാം നമ്പറായി ഉൾപ്പെട്ട ശ്രീ. രാജേഷ് വി എം ന് ശേഷവും ഫീഡർ കാറ്റഗറിയിൽ ടിയാളുടെ ജൂനിയറായ ശ്രീമതി സജിത എം (സീനിയോരിറ്റി നം 248) ന് തൊട്ട് മുൻപിലായും 247 (എ) എന്ന ക്രമനമ്പരായി ഉൾപ്പെടുത്തുന്നതിന് അർഹതയുള്ളതായി കാണുന്നു. അപ്രകാരം ശ്രീ.അമർ കൃഷ്ണൻ. യു നെ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ ആക്ഷേപമുള്ള ജീവനക്കാർ ബന്ധപ്പെട്ട രേഖകൾ സഹിതം 15 ദിവസത്തിനുള്ളിൽ ആക്ഷേപം നൽകേണ്ടതാണ്.

H. DINESHAN IAS
DIRECTOR OF PANCHAYATH

പകർപ്പ്

1.എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എല്ലാ ജീവനക്കാരും നോട്ടീസ് കണ്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്).

2.എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും( പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

3 സെക്രട്ടറി,ചെട്ടിക്കുളങ്ങര ഗ്രാമ പഞ്ചായത്ത്.

4.ശ്രീ.അമർ കൃഷ്ണൻ , ചെട്ടിക്കുളങ്ങര ഗ്രാമ പഞ്ചായത്ത്.

5.അധികം കരുതൽ

Signature Not Verified

Digitally signed by DINESHAN H
Date: 2022.09.05 12:12:50 IST
Reason: Approved